## പതിനാലാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം:1452** **11.06.2019 -ൽ മറുപടിയ്ക്ക്**

**ഭവനരഹിതർക്കുള്ള ഭവനനിർമ്മാണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.വി.കെ.സി. മമ്മത് കോയ**<br>**ശ്രീ. സി.കൃഷ്ണൻ**<br>**ശ്രീ.എം. രാജഗോപാലൻ**<br>**ശ്രീമതി.പി. അയിഷാ പോറ്റി :** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| **(എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന രഹിതർക്കായി ആവിഷ്കരിച്ച ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;<br>**(ബി)** പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ; | **(എ) യും (ബി) യും** | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന രഹിതർക്കായി പുതിയ ഭവന പദ്ധതികൾ ഒന്നും തന്നെ ഭവന നിർമ്മാണ ബോർഡിൽ ആരംഭിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഗൃഹശ്രീ ഭവന പദ്ധതി നിലവിൽ തുടർന്നും ഭവന നിർമ്മാണ ബോർഡിൽ നടപ്പിലാക്കി വരുന്നുണ്ട്.<br>2018-19 വർഷത്തെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കടയിൽ 30 യൂണിറ്റുകൾ ഉൾപ്പെടുന്ന ഒരു ഭവന സമുച്ചയം സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| **(സി)** സാമ്പത്തിക ദുർബ്ബല വിഭാഗങ്ങൾക്കും താഴ്ന്ന വരുമാനക്കാർക്കും വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഗൃഹശ്രീ പദ്ധതി പ്രകാരം 2017-2018 സാമ്പത്തിക വർഷം എത്ര വീടുകൾ നിർമ്മിച്ചുവെന്നതും അതിനായി എത്ര തുക ചെലവഴിച്ചുവെന്നതും സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ; | **(സി)** | 2017-18 സാമ്പത്തിക വർഷത്തിൽ ഗൃഹശ്രീ പദ്ധതിക്കായി ബഡ്ജറ്റ് പ്രകാരം 7.27 കോടി രൂപ സബ്സിഡി തുകയായി അനുവദിച്ചിരുന്നു. പ്രസ്തുത സാമ്പത്തിക വർഷം ഗൃഹശ്രീ പദ്ധതി പ്രകാരം 394 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും 6.94 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. |
| **(ഡി)** ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന സാഫല്യം ഭവന പദ്ധതിയുടെ വിശദാംശം നൽകുമോ? | **(ഡി)** | സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതരായ EWS വിഭാഗക്കാർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകളും വീടുകളും |

നിർമ്മിച്ചു നൽകുന്ന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. 07/11/2012-ലെ സ.ഉ.(എം. എസ്)നം.70/2012/ഭവനം നമ്പർ ഉത്തരവ് പ്രകാരം സർവ്വീസടക്കം 327 ച.അടി തറ വിസ്തീർണ്ണമുള്ള ഫ്ളാറ്റിന്റെ നിർമ്മാണ ചെലവായ 3.50 ലക്ഷം രൂപയിൽ സർക്കാർ സബ്സിഡി 2 ലക്ഷം രൂപയും, ഹഡ്കോയിൽ നിന്നും വായ്പയായി സമാഹരിക്കേണ്ട തുക 1 ലക്ഷം രൂപയും, സന്നദ്ധ സംഘടന വിഹിതം 25,000/- രൂപയും, ഗുണഭോക്തൃ വിഹിതം 25,000/- രൂപയും ആയിരുന്നു. ജി.ഒ. (എം.എസ്)നം.1/2019/ഭവനം തീയതി 22/01/2019 പ്രകാരം സർക്കാർ സബ്സിഡി 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരുന്നു. ടി പദ്ധതി പ്രകാരം ചാത്തന്നൂരിൽ 48 ഫ്ലാറ്റുകളും ചോറ്റാനിക്കരയിൽ 24 ഫ്ലാറ്റുകളും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കോഴിക്കോട് ചേളന്നൂരിൽ 66 ഫ്ലാറ്റുകളുടേയും പാലക്കാട് ലക്കിടി പേരൂരിൽ 24 ഫ്ലാറ്റുകളുടേയും നിർമ്മാണത്തിന്റെ സ്ട്രക്ച്ചർ പൂർത്തിയായിട്ടുണ്ട്.

Subha

സെക്ഷൻ ഓഫീസർ